ചാരായവിതരണത്തിനുള്ള ഏജൻസികൾ

* 259 [275] ശ്രീ. കെ. അനിരുദ്ധൻ:

,, എം.കെ. കൃഷ്ണൻ:

,, ടി.കെ. രാമകൃഷ്ണൻ:

,, പി.ആർ. ശിവൻ:

,, എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉടനീളമുള്ള ചാരായഷാപ്പുകളിലേക്കാവശ്യമായ ചാരായ വിതരണത്തിനുള്ള ഏജൻസികൾ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്.

(ബി) നിലവിലുള്ള ഏജൻസികളെ വിതരണച്ചുമതല ഏൽപ്പിച്ചത് എന്തൊക്കെ വ്യവസ്ഥകൾക്കു വിധേയമായിട്ടാണ്;

(സി) നിലവിലുള്ള വിതരണ ഏജൻസികളെ മാറ്റുന്നത് എന്തു കാരണത്താലെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): (എ) ഈ സാമ്പത്തിക വർഷത്തിൽ (1978–80) സംസ്ഥാനത്ത് ചാരായ വിതരണം നടത്തുന്നത് ട്രാവൻകൂർ ഷുഗേഴ്സ് തിരുവല്ല, മന്നം ഷുഗർമിൽസ് പന്തളം, ചിറ്റൂർ ഷുഗർമിൽസ് പാലക്കാട് എന്നീ മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളാണ്.

(ബി) സംസ്ഥാനത്ത് ചാരായവിതരണം സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ടെണ്ടറിലെ വ്യവസ്ഥകൾക്കനുസരിച്ചാണ്. അതിലെ ചില പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു.

(1) കരാറുകാർ അവരുടെ സ്വന്തം ഡിസ്റ്റിലറികളിൽ നിന്നും ചാരായം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യണം.

(2) കരാറുകാർ ഓരോ താലൂക്കിലേയും നിയമസ്ഥാനത്ത് ചാരായം സൂക്ഷിക്കുന്നതിന് വെയർഹൗസുകൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.

(3) കരാറുകാർ കുത്തകവർഷത്തിൽ തന്നെ ചുമതലപ്പെടുത്തിയ സബ് കോൺട്രാക്ടർമാരെ യാതൊരു കാരണവശാലും എൽപ്പിക്കാൻ പാടില്ല.

(4) ചാരായവിതരണം യാതൊരു കാരണവശാലും മുടക്കാൻ പാടില്ലാത്തതാണ്.

കൂടാതെ ട്രാവൻകൂർ ഷുഗേഴ്സ് കരിമ്പുകൃഷിക്കാർക്ക് നൽകുന്ന വില 130 രൂപാ ടണ്ണിന് എന്നത് തുടർന്നു നൽകണമെന്നും ചാരായ വിതരണാവകാശം ലഭിക്കുന്നതുവഴി ലഭ്യമാകുന്ന ആദായം മുഴുവനും കരിമ്പുകൃഷിക്കാർക്ക് നൽകണമെന്നുംകൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട് മറ്റു രണ്ടു സ്ഥാപനങ്ങളും അതു ചെയ്യണമെന്നുള്ള ധാരണയുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള വിതരണം ഏജൻസികളെ കരാർപ്രകാരം 1978-79 സാമ്പത്തിക വർഷത്തേക്ക് മാത്രമേ ചാരായ വിതരണം ചെയ്യാൻ അനുവദിച്ചിട്ടുള്ളൂ. അടുത്ത വർഷത്തേക്ക് എക്കാലത്തേയും പതിവു പോലെ ടെണ്ടർ വിളിച്ചു. ഇപ്പോഴത്തെ കരാറുകാരും മറ്റുപലരും ടെണ്ടർ തന്നിട്ടുണ്ട്. അവ പരിഗണനയിലിരിക്കുന്നു. ഗവൺമെൻറ് ഒരു അവസാന തീരുമാനമെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ഏജൻസികളെ മാറ്റുമോ ഇല്ലയോ എന്ന് ഇപ്പോൾ തീർത്തു പറയാൻ നിർവ്വാഹമില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ കാര്യത്തിൽ ഇപ്പോൾ നിലവിലുള്ള ഏജൻസികൾ പൊതുമേഖലാ സ്ഥാപനങ്ങളാണ്. ആ പൊതുമേഖലാ സ്ഥാപനങ്ങളായ ഏജൻസികളെ മാറ്റി പ്രൈവറ്റ് മേഖലയ്ക്കുകൂടി കൊടുക്കത്തക്ക വിധത്തിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ? മന്ത്രിയുടെ തന്നെ ഒരു പ്രസ്താവന പത്രത്തിൽ വന്നു, പൊതുമേഖലാസ്ഥാപനങ്ങളെ നില നിറുത്താനുള്ള ചുമതല എക്സൈസ് ഡിപ്പാർട്ടുമെൻറിനില്ല എന്ന്. അതാണോ ഗവൺമെൻറിൻെറ നയം.

ശ്രീ. കെ. നാരായണക്കുറുപ്പ്: പൊതുമേഖലാ സ്ഥാപനങ്ങളെ നില നിറുത്താനുള്ള ചുമതല എക്സൈസ് ഡിപ്പാർട്ടുമെൻറിനില്ലെന്നു ഞാൻ പറഞ്ഞത് പരമാർത്ഥമാണ്. പക്ഷേ അവരെ മാറ്റുന്ന കാര്യത്തെ പറ്റി പറഞ്ഞിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: പൊതുമേഖലാ സ്ഥാപനങ്ങളെ വളർത്താനുള്ള ചുമതല എക്സൈസ് ഡിപ്പാർട്ടുമെൻറിനില്ലെന്നു പറഞ്ഞാൽ ഈ ഗവൺമെൻറിൻെറ ഭാഗമാണ് എക്സൈസ് ഡിപ്പാർട്ടുമെൻറ്, ഈ ഗവൺമെൻറിൻെറ നയം പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിറുത്തണമെന്നുള്ളതല്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൂടുതൽ വില വാങ്ങി പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം നികത്താൻ സാദ്ധ്യമല്ല. അതേ അവസരത്തിൽ കരിമ്പു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്കനുകൂലമായ വിധത്തിൽ ഏതു രീതിയിൽ തീരുമാനമെടുക്കുന്നതിനും കുഴപ്പമില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ടെണ്ടർ വിളിച്ചപ്പോൾ അല്ലാത്ത സ്ഥാപനങ്ങളും ടെണ്ടർ തന്നിട്ടുണ്ട്. ആർക്കെങ്കിലും കൊടുക്കണമെന്നു തീരുമാനമെടുത്തിട്ടില്ലെന്നും പറഞ്ഞു. ഒരു ആദ്യ തീരുമാനമെടുത്തുകാണുമല്ലോ. അത് എന്താണ്? പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്നാണോ? ഒഴിവാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കണമെന്ന വ്യവസ്ഥ ലംഘിച്ചതു കൊണ്ടാണോ? എന്താണ് ഇങ്ങിനെ ടെണ്ടർ വിളിച്ചു കൊടുക്കാൻ കാരണം?

ശ്രീ. കെ. നാരായണക്കുറുപ്പ്: മാറ്റാൻ തീരുമാനമെടുക്കാത്തകാലത്തോളം അങ്ങിനെ ഊഹിക്കുന്നതിൽ അർത്ഥമില്ല. ടെണ്ടർ വിളിച്ചെങ്കിൽ മാത്രമേ ഓരോ ജില്ലയിലും ഏതു വിലക്കു കൊടുക്കണമെന്നു തീരുമാനിക്കാൻ കഴിയൂ. അതല്ലാതെ ഒരു പ്രത്യേക വില തിട്ടപ്പെടുത്തി നെഗോഷ്യേറ്റു ചെയ്തു കൊടുക്കലല്ല. കഴിഞ്ഞ വർഷം മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തത്. അതേപറ്റി ഉള്ള എല്ലാം റിപ്പോർട്ടും ഗവൺമെൻറിൻെറ കയ്യിലുണ്ട്. അതെല്ലാം പരിഗണിച്ച് അവർക്ക് കൊടുക്കുന്നതാണ് ഉത്തമമെങ്കിൽ അവർക്ക് കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അവർക്ക് കൊടുക്കുന്നതാണ് ഉത്തമമെന്നുള്ള ബോദ്ധ്യമില്ലേ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതിന്ന് ഒരു തീരുമാനമെടുക്കാൻ സമയമായിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കിയോ; എന്താണ് ഗവൺമെന്റിന്റെ വ്യക്തമായ നയം; മൂന്നു പൊതു മേഖലാ സ്ഥാപനങ്ങൾക്കു കൊടുക്കും; പൊതു മേഖലാ സ്ഥാപനങ്ങൾ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ അതിനെതിരായി നടപടി എടുക്കണം. അതല്ലാതെ അവരുടെ പേരും പറഞ്ഞുകൊണ്ട് സ്വകാര്യ മേഖലയ്ക്കു കൊടുക്കാനാണോ ഉദ്ദേശം?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങിനെ ഊഹിക്കേണ്ട യാതൊരു കാര്യവുമില്ല. മുമ്പത്തെ വർഷംവരെ കൊടുത്തിരുന്നില്ല. അതു കഴിഞ്ഞ് കഴിഞ്ഞ വർഷം ആദ്യമായി കൊടുത്തപ്പോൾ പിന്നീടു കൊടുക്കുകയില്ലെന്നു തെറ്റിദ്ധരിക്കേണ്ട യാതൊരു കാര്യവുമില്ല.

ശ്രീ. കെ. സി. വാമദേവൻ: പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ അൽപ്പം നഷ്ടം സഹിച്ചാണെങ്കിലും വാങ്ങണമെന്ന് തത്വമുണ്ടോ? ഉണ്ടെങ്കിൽ മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന ചാരായം കൊണ്ടു മാത്രം കേരള സംസ്ഥാനത്തിലെ വിവിധ ചാരായ ഷാപ്പുകൾക്ക് സപ്ലൈ ചെയ്യാൻ സാധിക്കും. അതിന്റെ പ്രതിഫലം കരിമ്പു കൃഷിക്കാർക്ക് ലഭിക്കുമെന്നുള്ളതുകൊണ്ട് എന്തുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ മാത്രം ഏൽപ്പിച്ചു കൂടാ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തെറ്റായ ധാരണയാണ്. ഇങ്ങിനെ ഉൽപ്പാദിപ്പിക്കുന്ന ചാരായം നമുക്കാവശ്യമുള്ളതിന്റെ മൂന്നിലൊന്നു പോലും തികയുന്നില്ല. ബാക്കിയുള്ളത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുത്തി ചാരായമാക്കി വിൽക്കുകയാണ്. മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളും നിർമ്മിക്കുന്ന ചാരായം മുഴുവനും അവരുമായി ഏർപ്പെട്ടിട്ടുള്ള വിലയ്ക്കുതന്നെ വാങ്ങിക്കൊണ്ടിരിക്കുകയാണ്. കൂടുതലായി സംസ്ഥാനത്തുനിന്ന് പ്രൈവറ്റ് ഏജൻസിയും പൊതുമേഖലയും വരുത്തി വിൽക്കുകയാണ്, കഴിഞ്ഞ വർഷം ആദ്യം ഗവൺമെന്റ് പൊതുമേഖലയെ ഏൽപ്പിക്കുകയാണ് ചെയ്തത്.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴും പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ മൊളാസിസ് കിട്ടാനുള്ള സൗകര്യം ഉണ്ടാവുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ചാരായം മുഴുവനും അവർക്ക് സപ്ലൈ ചെയ്യാൻ കഴിയുമെന്ന് ഇത:പര്യന്തമുള്ള അവരുടെ പ്രവർത്തനത്തിൽനിന്ന് മനസ്സിലായിട്ടുണ്ട്. ഈ മേഖലയിൽ നിന്നും കടന്നു ചാടി സ്വകാര്യ മേഖലാ പൊതുമേഖലാസ്ഥാപനങ്ങളെ അപകടപ്പെടുത്താൻ ശ്രമിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതിനു മുമ്പ് ചാടിക്കൊണ്ടിരുന്നു കഴിഞ്ഞ കൊല്ലം ചാടം നിറുത്തിയിരിക്കുന്നു. മൊളാസിസും, റെക്ടി ഫൈഡ് സ്പിരിറ്റും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അതിന് എക്സൈസ് ബോർഡിൽ നിന്നും എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ആർക്കു കൊടുക്കണമെന്ന് തീരുമാനമെടുക്കുന്നത് മാർച്ചു മാസം അവസാനത്തോടുകൂടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ: വിദ്യാലയങ്ങൾക്കു വേണ്ടി കഴിഞ്ഞ തവണ ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്തുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം തേടിയതുപോലെ ചാരായവിതരണത്തിലും വിദ്യാർത്ഥികളുടെ സഹകരണം തേടുന്നതിനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോരുത്തർക്ക് ഓരോ നോട്ടമാണ്. എനിക്ക് ഒരുദ്ദേശമായിരിക്കും, അദ്ദേഹത്തിന് വേറൊരുദ്ദേശമായിരിക്കും. അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്ന് എനിക്കറിഞ്ഞുകൂടാ.

ശ്രീ. പി. ശങ്കർ: പൊതുമേഖലയ്ക്ക് ചാരായം സപ്ലൈ ചെയ്യുന്നതിന്നു വേണ്ടിയുള്ള വ്യവസ്ഥ ഏതെങ്കിലും രൂപത്തിൽ ലംഘിച്ചതായിവല്ല റിപ്പോർട്ടും സർക്കാരിന്റെ കയ്യിൽ ഉണ്ടോ; പൊതുമേഖലയിലുള്ള ചില വ്യവസായങ്ങളും വിശേഷിച്ച് ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് കേരളത്തിന് ആവശ്യമായത്ര ചാരായം കൊടുക്കത്തക്ക വിധത്തിൽ എഴുപതു ലക്ഷം ഹെക്ടോലിറ്റർ ചാരായം ഉണ്ടാക്കുന്നതിനുള്ള സ്പിരിറ്റും മൊളാസിസും അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങേണ്ടതില്ലാത്ത സാഹചര്യം ഉണ്ടാക്കുമെന്നു പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചിറ്റൂരിൽ ഉണ്ടാക്കുന്ന ചാരായം മുഴുവൻ കേരളത്തിൽതന്നെ വിതരണം ചെയ്യുകയാണ്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകേണ്ട കാര്യമില്ല. കൂടുതലായ വിലയ്ക്ക് വാങ്ങേണ്ടിവരുന്ന ചാരായം ആരും വിലയ്ക്ക് വാങ്ങരുതെന്നാണ്. കഴിഞ്ഞ പ്രാവശ്യം പ്രൈവറ്റ് മേഖല വേണ്ട പൊതു മേഖല മതിയെന്നു തീരുമാനിച്ചു.

ഡോ. ജോർജ് മാത്യു: പൊതുമേഖലക്ക് ചാരായം വിൽപ്പന കൊടുത്തിട്ട് കരിമ്പു കൃഷിക്കാർക്ക് ആനുകൂല്യങ്ങളും കിട്ടണമെന്ന ഉദ്ദേശമാണുള്ളത്. എന്നാൽ പല ഫാക്ടറികൾക്കും പ്രത്യേകിച്ച് മന്നംഷുഗർ ഫാക്ടറിക്ക് ആനുകൂല്യം കിട്ടിയിട്ടില്ല. 150 രൂപയാണ് വില നിശ്ചയിച്ചിരുന്നത്. 136 രൂപ മാത്രമേ കൊടുത്തിട്ടുള്ളു. രണ്ടാഴ്ചവരെ കരിമ്പു വെട്ടി വയലിൽ ഇടേണ്ട ഗതികേട് കർഷകർക്കുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഇതു പരിഗണിച്ചുകൊണ്ട് നടപടി എടുക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രൈവറ്റ് മേഖലയിൽ നിന്നും പൊതു മേഖലയാക്കിയത് കൃഷിക്കാരെ ഉദ്ദേശിച്ചു കൊണ്ടാണ്. ഇതിൽനിന്നും കിട്ടുന്ന എല്ലാ ലാഭവും കൃഷിക്കാർക്കു വീതിച്ചു കൊടുക്കണമെന്ന് നിർദ്ദേശമുണ്ട്. കഴിഞ്ഞ പ്രാവശ്യം അതിന്റെ വില കിട്ടിയില്ല എന്ന് പരാതിയുണ്ട്. അതുപോലെതന്നെ അതിനു നിശ്ചയിച്ചിട്ടുള്ള ഏജൻസി കഴിഞ്ഞ പ്രാവശ്യം വെയർ ഹൗസ് ആരംഭിച്ചിട്ടില്ല എന്നും പരാതിയുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പൊതു മേഖലാ സ്ഥാപനങ്ങളെല്ലാതെ സ്വകാര്യ വ്യക്തികൾക്ക് മുമ്പു കൊടുത്തിരുന്നു എന്നു പറഞ്ഞു. ചിറ്റൂരും പന്തളത്തും ഡിസ്റ്റിലറി പ്രവർത്തിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡിസ്റ്റിലറി പ്രവർത്തിക്കാത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ചാരായവും വിതരണം ചെയ്യാനുള്ള കപ്പാസിറ്റി കഴിഞ്ഞ വർഷം ഉണ്ടായില്ല എന്ന സ്ഥിതി വിശേഷം കണക്കിലെടുത്തുകൊണ്ട് ഇതൊരു പോളിസിയായി സ്വീകരിച്ച് നേരത്തെ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി മുഴുവനും പ്രത്യേകമായ ഒരു റേറ്റ് കോൺട്രാക്റ്റിന്റെ അടിസ്ഥാനത്തിൽ അവർക്കു തന്നെ കൊടുക്കുകയെന്നുള്ള ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പറുടെ ധാരണ തെറ്റാണ്. നമുക്ക് ഈ സംസ്ഥാനത്ത് വിതരണം ചെയ്യേണ്ട മുഴുവൻ ചാരായത്തിന്റെ ഉൽപ്പാദനത്തിനും വേണ്ട കപ്പാസിറ്റി ഈ മൂന്നു മില്ലുകൾക്കും ഉണ്ടായിട്ടില്ല. അതുത്തരത്തിലുണ്ടെന്നും അറിഞ്ഞുകൂടാ. ഉണ്ടാകുമ്പോൾ അതിനെ പറ്റി പരിഗണിക്കുന്നതാണ്.

ബസ് യാത്രയ്ക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

*260 [276] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

ശ്രീ. കെ. പി. വിശ്വനാഥൻ:

ശ്രീ. സ്റ്റീഫൻ പാടുവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബസ് യാത്രയ്ക്ക് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) യാത്രക്കാരുടെ സഞ്ചാരസ്വാതന്ത്ര്യം എല്ലാ റൂട്ടുകളിലും കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): (എ) ആൻഡ് ബി) ഉണ്ട്. ബസ്സുകളുടെ അഭാവവും ജീവനക്കാരുടെ കുറവും മൂലം സർവ്വീസുകൾ പലപ്പോഴും ക്യാൻസൽ ചെയ്യാറുണ്ട്. പഴയ വണ്ടികൾക്കു പകരം പുതിയ വണ്ടികൾ റോഡിൽ ഇറക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരുടെ കുറവു പരിഹരിക്കാൻ താൽക്കാലിക നിയമനം നടത്തുന്നതിനും യൂണിറ്റ് ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ മെയിൻറനൻസ് മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ നടപടികൾ മൂലം ക്യാൻസലേഷനുകൾ കുറയ്ക്കുന്നതിനും തദ്വാരാ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കഴിയും. ഇതിനൊക്കെ പുറമേ ആവശ്യാനുസരണം പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: പുതിയ സർവ്വീസുകൾ തുടങ്ങുന്നു അവസരത്തിൽ പുതിയ ബസ്സുകൾ അലോട്ടു ചെയ്യുന്ന കാര്യത്തിൽ തൃശ്ശൂരും അതുപോലെ കോഴിക്കോടും മേഖലകളെ അവഗണിച്ചിരിക്കുന്നു എന്നുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly